പതിമൂന്നാം കേരള നിയമസഭ
പതിനാലാം സമ്മേളനം

| | |
|---|---|
| നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം<br>നം. T 4865 | 24. 07.2015- ൽ മറുപടി<br>നല്കേണ്ടിയിരുന്നത്. |

## പച്ചക്കറികളിലെ കീടനാശിനി പ്രയോഗം

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | ശ്രീ. കെ. അജിത്. | | **ശ്രീ. വി. എസ്. ശിവകുമാർ**<br>(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പ് മന്ത്രി) |
| എ) | അന്യസംസ്ഥാനങ്ങളിൽനിന്ന് കേരളത്തിൽ എത്തുന്ന ഏതൊക്കെ പച്ചക്കറികളിലാണ് അമിതമായി കീടനാശിനി പ്രയോഗിക്കപ്പെടുന്നതായി കണ്ടെത്തിയിട്ടുള്ളത് ; | എ) | കറിവേപ്പില, കോളിഫ്ളവർ, പച്ചമുളക്, കാബേജ്, ചീര എന്നി ഇനങ്ങളിലുള്ള പച്ചക്കറികളിലാണ് അമിതമായി കീടനാശിനി പ്രയോഗിക്കപ്പെടുന്നതായി കണ്ടെത്തിയിട്ടുള്ളത്. |
| ബി) | കീടനാശിനി പ്രയോഗം കണ്ടെത്തുന്നതുമായി ബന്ധപ്പെട്ട് ഏതെല്ലാം വകുപ്പുകളാണ് നടപടി സ്വീകരിക്കുന്നതെന്നും അമിത വിഷപ്രയോഗം നടത്തിയ പച്ചക്കറികൾ വില്പന നടത്തുന്നവർക്കെതിരെ എന്തെല്ലാം നടപടികളാണ് സ്വീകരിച്ച് വരുന്നതെന്നും വ്യക്തമാക്കാമോ ; | ബി) | കീടനാശിനി പ്രയോഗം കണ്ടെത്തുന്നതായി ബന്ധപ്പെട്ട് ഭക്ഷ്യസുരക്ഷാ വകുപ്പാണ് പരിശോധന നടത്തുന്നത്. എന്നാൽ പച്ചക്കറികളിലെ കീടനാശിനിയുടെ സാന്നിദ്ധ്യം കണ്ടെത്തുന്നതിനായി വെള്ളായണി കാർഷിക കോളേജിന്റെ പെസ്റ്റിസൈഡ് റസിഡ്യൂ ടെസ്റ്റിംഗ് ലാബിന്റെ സേവനവും ഉപയോഗപ്പെടുത്താറുണ്ട്. പച്ചക്കറികൾ ഉൾപ്പെടെയുള്ള ഭക്ഷ്യവസ്തുക്കളിൽ അമിതമായ കീടനാശിനിയുടെ സാന്നിദ്ധ്യം കണ്ടെത്തുന്നതിനായി ഉത്തരവാദികൾക്കെതിരെ 2006 ലെ ഭക്ഷ്യസുരക്ഷാ ഗുണനിലവാര നിയമത്തിലും അനുബന്ധചട്ടങ്ങളിലും അനുശാസിക്കുംപ്രകാരമുള്ള നടപടി സ്വീകരിക്കാൻ കഴിയുന്നതാണ്. |
| സി | അമിത കീടനാശിനിയോ വിഷലിപ്ത പദാർത്ഥങ്ങളോ പഴങ്ങളിൽ പ്രയോഗിക്കുന്നതുമായി ബന്ധപ്പെട്ട് എത്ര കേസ്സുകൾ കഴിഞ്ഞ ഒരു വർഷത്തിനിടയിൽ സംസ്ഥാനത്ത് രജിസ്റ്റർ ചെയ്തിട്ടുണ്ടെന്നും ഇതിന്റെ | സി) | ജില്ലകളിൽ ഇത് സംബന്ധിച്ച് നടത്തിയ പരിശോധനകളിൽ എറണാകുളം ജില്ലയിൽ FSSA Act അനുസരിച്ച് 259 ഫലവർഗ്ഗ കച്ചവട സ്ഥാപനങ്ങളിൽ പരിശോധന നടത്തുകയും 69 ഇൻഫോർമൽ സാമ്പിളുകളും 17 ഫോർമൽ സാമ്പിളുകളും ലാബ് പരിശോധനയ്ക്കായി എടുത്തിട്ടുണ്ട്. 15 ഫലവർഗ്ഗ കച്ചവട സ്ഥാപനങ്ങളിൽ നിന്നും ഭക്ഷ്യയോഗ്യമല്ലാത്ത 1541 കിലോ മാമ്പഴം പിടിച്ചെടുത്ത് നശിപ്പിച്ചിട്ടുണ്ട്. കാൽസ്യം കാർബൈഡ് എന്ന വിഷാംശം ചേർത്തതിന് രണ്ടു മാമ്പഴം കച്ചവട |

| | | | |
|---|---|---|---|
| | തുടർനടപടികൾ എന്തെന്നും വെളിപ്പെടുത്താമോ ; | | ക്കാരെ കസ്റ്റഡിയിൽ എടുത്ത് റിമാൻഡ് ചെയ്തിട്ടുള്ളതും ആയവർക്കെതിരെ ഭക്ഷ്യസുരക്ഷ ഗുണനിലവാര നിയമപ്രകാരമുള്ള നിയമ നടപടികൾ തുടരുകയും ചെയ്യുന്നുണ്ട്. തിരുവനന്തപുരം ജില്ലയിൽ ഇതു സംബന്ധിച്ച് പിടിച്ചെടുത്ത മാമ്പഴം നശിപ്പിക്കുകയും തുടർവിൽപന തടയുകയും ചെയ്തിട്ടുണ്ട്. കൂടാതെ ഇത്തരം കേസുകളിന്മേലുള്ള നിയമാനുസൃത നടപടികൾ സ്വീകരിച്ചുവരുന്നു |
| ഡി | ഇത്തരംപച്ചക്കറികൾ കടകളിലൂടെ വിതരണം ചെയ്യാതിരിക്കുവാൻ എന്തൊക്കെ നടപടികൾ സ്വീകരിക്കുവാൻ കഴിയുമെന്ന് പരിശോധിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശങ്ങൾ വ്യക്തമാക്കുമോ ; | ഡി) | പരിശോധനകൾ കർശനമാക്കുകയും കുറ്റക്കാർക്കെതിരെ 2006 ലെ ഭക്ഷ്യസുരക്ഷാ ഗുണ നിലവാര നിയപ്രകാരം നടപടി സ്വീകരിക്കാൻ കഴിയുന്നതാണ്. കൂടാതെ അന്യസംസ്ഥാനങ്ങളിൽ നിന്ന് പഴം, പച്ചക്കറി എന്നിവ കൊണ്ടുവരുന്നവർക്ക് ഭക്ഷ്യസുരക്ഷാ രജിസ്ട്രേഷൻ , നിർബന്ധമാക്കുവാൻ തീരുമാനിച്ചിട്ടുണ്ട്. |
| ഇ | പച്ചക്കറികളിൽ ജൈവകീടനാശിനി പ്രയോഗം പ്രചരിപ്പിക്കുന്നതിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് എന്നു വ്യക്തമാക്കുമോ ? | ഇ) | ഈ വിഷയം സംബന്ധിച്ച് ബോധവല്ക്കരണ പരിപാടി നടത്തിക്കൊണ്ടിരിക്കുന്നു. |

സെക്ഷൻ ഓഫീസർ